"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണം ഇരുപത്തിയഞ്ചാം വാർഷികം - ആഘോഷങ്ങളുടെ ഉത്ഘാടനവും സ്വീകരിക്കേണ്ട അനുബന്ധ നടപടികളും - സംഘാടക സമിതി രൂപീകരണ യോഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1433/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/07/2021

---

**<u>ഉത്തരവ്</u>**

കേരളത്തിന്റെ വികസന ചരിത്രത്തിലെ തിളക്കമുള്ള അധ്യായമായ ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുകയാണ്. ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണവും നിർവ്വഹണവും ലക്ഷ്യമിട്ടുകൊണ്ട് 1996 ആഗസ്റ്റ് 17 ന് (കൊല്ലവർഷം 1171 ചിങ്ങം 1) ആരംഭിച്ച സർഗാത്മക വികസന മുന്നേറ്റമായ ജനകീയാസൂത്രണ പ്രസ്ഥാനം, സർക്കാർ തങ്ങളുടെ പ്രധാനവികസന മുൻഗണനകളിൽ ഒന്നായി അധികാര വികേന്ദ്രീകരണത്തെ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലാണ് രൂപപ്പെട്ടത്. സംസ്ഥാന ബജറ്റിന്റെ മൂന്നിൽ ഒരു ഭാഗം ആസൂത്രണത്തിനും നിർവ്വഹണത്തിനുമുള്ള അധികാരത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ടാണ് ജനകീയാസൂത്രണം നടപ്പിലാക്കിയത്. ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് നാടിന്റെയാകെ പിന്തുണയോടെ മുന്നോട്ടുവെച്ച ജനകീയ ക്യാമ്പയിനിലൂടെ പല തലങ്ങളിലുള്ള മാറ്റങ്ങളുണ്ടായി. രാജ്യമാകെയും ലോകത്തിലെ തന്നെ പല രാജ്യങ്ങളും പകർത്താനാഗ്രഹിക്കുന്ന ഒന്നായി ജനകീയാസൂത്രണ പ്രസ്ഥാനം മാറി. അധികാരം ജനതയ്ക്ക് ലഭിച്ച ഇരുപത്തിയഞ്ച് വർഷങ്ങളിലെ അനുഭവങ്ങളെ വിലയിരുത്തിക്കൊണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളാക്കി ശാക്തീകരിക്കുന്ന പ്രക്രിയ അനസ്യൂതം തുടരേണ്ടതുണ്ട്. അതിനുള്ള പരിശ്രമങ്ങൾക്ക് തുടക്കമിട്ടുകൊണ്ട് ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുകയാണ്.

2. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷം കേരളത്തിലെ എല്ലാ ജനങ്ങളുടേതുമായി മാറുന്ന രീതിയിൽ ജനകീയവും വിപുലവും കാമ്പുറ്റതുമായിരിക്കണമെന്നാണ് സർക്കാർ കാണുന്നത്. രജത ജൂബിലി ആഘോഷങ്ങളുടെ സംഘാടനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ സംഘാടക സമിതി രൂപീകരണ യോഗം 2021 ജൂലൈ 22 ന്, സംസ്ഥാനത്തെ എല്ലാ പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെയും വർഗ്ഗ- ബഹുജന സംഘടനകളുടെയും സർവ്വീസ് സംഘടനകളുടെയും കലാ, സാഹിത്യ, സാംസ്കാരിക മേഖലകളിലുള്ളവരുടെയും അക്കാദമിക് പണ്ഡിതരുടെയും പങ്കാളിത്തത്തോടെ ചേരുകയും, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനായും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ജനറൽ കൺവീനറുമായുള്ള സംഘാടക സമിതി രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

3. രജതജൂബിലി ആഘോഷത്തിന്റെ സംഘാടനത്തെ സംബന്ധിച്ച് വിപുലമായ രീതിയിൽ ചർച്ച നടത്തി കൈക്കൊണ്ട ചുവടെയുള്ള തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അടിയന്തര തുടർനടപടി സ്വീകരിക്കേണ്ടതാണ്.

i. ജനകീയാസൂത്രണം രജതജൂബിലി ആഘോഷം ഒരു വർഷം നീണ്ടുനിൽക്കുന്ന വിധത്തിൽ സംഘടിപ്പിക്കുന്നതാണ്.

ii. രജതജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ആഗസ്റ്റ് 17 ന് സംസ്ഥാന തലത്തിലും പ്രാദേശിക തലങ്ങളിലും സംഘടിപ്പിക്കേണ്ടതാണ്. കോവിഡ് ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് പരിപാടികൾ ജനങ്ങളിലേക്കെത്തിക്കുന്ന വിധത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. വൈകുന്നേരം 4.30 മണിക്ക് തിരുവനന്തപുരത്ത് സജ്ജീകരിക്കുന്ന പ്രത്യേക വേദിയിൽ വെച്ച് ബഹു: മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യും. ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അധ്യക്ഷനാകുന്ന ഉദ്ഘാടന ചടങ്ങിൽ മുൻ മുഖ്യമന്ത്രിമാരും മുൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും, ആസൂത്രണ ബോർഡ് അംഗങ്ങളും പങ്കാളികളാകും. സംസ്ഥാനത്തെ കലാ - സാഹിത്യ - സാംസ്കാരിക - മാധ്യമ മേഖലകളിലുള്ള പ്രമുഖ വ്യക്തിത്വങ്ങൾ ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കും.

ഉദ്ഘാടന പരിപാടിക്ക് മുന്നോടിയായി, 1996 ൽ സംഘടിപ്പിച്ച ജനാധികാര കലാജാഥയിലെ 'അധികാരം ജനതയ്ക്ക്' എന്ന സംഗീത ശിൽപ്പത്തിന്റെ പുനരാവിഷ്കാരമുണ്ടാകുന്നതാണ്. സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന ഈ ഉദ്ഘാടന പരിപാടി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രത്യേകം തയ്യാറാക്കിയ വേദികളിൽ ഓൺലൈനായി പ്രദർശിപ്പിക്കേണ്ടതാണ്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും സംസ്ഥാനതല ഉദ്ഘാടന പരിപാടിക്ക് മുമ്പായി അതേ ദിവസം തനത് രജതജൂബിലി ആഘോഷം സംഘടിപ്പിക്കണം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ജനകീയാസൂത്രണകാലം മുതൽക്കിങ്ങോട്ടുള്ള അധ്യക്ഷൻമാരെയും ജനപ്രതിനിധികളെയും പരിപാടിയിൽ പങ്കെടുപ്പിക്കുകയും അവരെ ആദരിക്കുകയും ചെയ്യണം. ഓരോ ഗ്രാമ/വാർഡ് സഭകളിൽ നിന്നും പൗരപ്രമുഖൻമാരെയും സെലിബ്രിറ്റികൾ ഉണ്ടെങ്കിൽ അവരെയും കലാ-സാഹിത്യ സാംസ്കാരിക മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങളെയും രാഷ്ട്രീയ നേതാക്കളെയും ക്ഷണിക്കണം. സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തണം. എല്ലാ മേഖലകളിൽ നിന്നും സ്ത്രീകൾ ഉണ്ടാവണം. ഉച്ച തിരിഞ്ഞ് സംഘടിപ്പിക്കുന്ന പ്രാദേശിക ആഘോഷ പരിപാടികൾ 4.30 ഓടെ അവസാനിപ്പിക്കുകയും വേദിയിൽ സജ്ജമാക്കിയ സ്ക്രീനിൽ സംസ്ഥാന തലത്തിലുള്ള രജതജൂബിലി ഉദ്ഘാടന പരിപാടി എല്ലാവരും വീക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കുകയും ചെയ്യേണ്ടതാണ്.

iii. പ്രാദേശികമായി സംഘടിപ്പിക്കുന്ന രജതജൂബിലി ആഘോഷത്തിന്റെ വേദിയിൽ, 1996 - മുതൽക്കിങ്ങോട്ട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പിന്നിട്ട ജനകീയാസൂത്രണ വഴികളെ കുറിച്ച് വിശദമാക്കുന്ന ഒരു റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്. ഓരോ ഗ്രാമ, വാർഡ് സഭകളുടെയും സ്പന്ദനം ഉള്ളടങ്ങുന്നതാവണം മുൻകൂട്ടി തയ്യാറാക്കുന്ന ഈ റിപ്പോർട്ട്. ഇപ്പോൾ ഓഗസ്റ്റ് 17 ന്റെ ചടങ്ങിലേക്ക് വേണ്ടി തയ്യാറാക്കുന്ന ഈ റിപ്പോർട്ട് 2021 ഒക്ടോബർ ആദ്യം തന്നെ കൂടുതൽ വിപുലീകരിക്കണം. 1996 ൽ പ്രസിദ്ധീകരിച്ച വികസനരേഖയുടെ തുടർച്ചയും വിപുലീകരണവും ഇതിലൂടെ സാധ്യമാക്കണം. വികസനരേഖ വിപുലീകരിക്കുന്നതിന്റെ ഭാഗമായി

രജതജൂബിലി ഗ്രാമസഭ / വാർഡ് സഭ ഓരോ വാർഡിലും ചേരണം. വാർഡ് തല റിപ്പോർട്ടുകൾ ക്രോഡീകരിച്ച് വികസനരേഖ പരിഷ്കരിക്കുകയാണ് വേണ്ടത്. പരിഷ്കരിച്ച വികസന രേഖ 2021 നവംബർ 1 ന് പ്രസിദ്ധീകരിക്കാനാകണം.

iv. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും മുൻ അധ്യക്ഷൻമാർക്കും ജനപ്രതിനിധികൾക്കും ജനകീയാസൂത്രണം രജത ജൂബിലി മെമന്റോ സമ്മാനിച്ച് ആദരിക്കണം. അതിനുള്ള ഡിസൈൻ സംസ്ഥാനതലത്തിൽ തയ്യാറാക്കി പങ്കുവെയ്ക്കുന്നതാണ്.

v. ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വേളയിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും എല്ലാ കാലവും ഓർമ്മിക്കാവുന്ന ഒരു അടയാളപ്പെടുത്തൽ ഉണ്ടാക്കണം. ഇപ്പോൾ ഒരു സെന്റ് സ്ഥലത്ത് പോലും മിയോവാക്കി വനങ്ങൾ രൂപകൽപ്പന ചെയ്യുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ സാധ്യത മനസിലാക്കി കൂടുതൽ പ്രദേശത്ത് രജതജൂബിലി മിയോവാക്കി വനങ്ങൾ ഉണ്ടാക്കുന്നത് പരിഗണിക്കണം. ഇത്തരത്തിൽ സൃഷ്ടിക്കുന്ന ജനകീയാസൂത്രണ രജതജൂബിലി വനങ്ങളുടെ സുസ്ഥിര പരിപാലനം ഉറപ്പ് വരുത്തണം. മിയാവോക്കി വനങ്ങളുടെ സ്ഥാപനവും പരിപാലനവും സന്നദ്ധ സംഘടനകളിലൂടെയോ സ്പോൺസർഷിപ്പിലൂടെയോ കണ്ടെത്താനാകണം. അതിന്റെ സാങ്കേതികതകൾ മനസിലാക്കി, ശാസ്ത്രീയമായ വനവത്ക്കരണമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

vi. ജനകീയാസൂത്രണം രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി 2021 നവംബർ / ഡിസംബർ മാസങ്ങളിൽ ദേശീയ സെമിനാർ സംഘടിപ്പിക്കുന്നതാണ്. കോവിഡ് സാഹചര്യം പരിഗണിച്ച് ഓൺലൈനായി സെമിനാർ സംഘടിപ്പിക്കാനാണ് പരിഗണിക്കുന്നത്. ദേശീയ തലത്തിൽ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുമായി ബന്ധപ്പെടുന്ന വ്യക്തിത്വങ്ങളെ സെമിനാറിൽ പങ്കെടുപ്പിക്കും.

vii. കോവിഡ് വ്യാപനത്തിന്റെ രൂക്ഷത കുറയുന്ന വേളയിൽ അന്തർദേശീയ തലത്തിൽ ജനകീയാസൂത്രണ കോൺഗ്രസ് സംഘടിപ്പിക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ പങ്കെടുക്കുന്ന വിശാലമായ ഒരു വേദിയായി കോൺഗ്രസ് മാറും.

viii. ജനകീയാസൂത്രണം രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഇംഗ്ലീഷിലും മലയാളത്തിലുമായി 25 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കും. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കേരളാനുഭവങ്ങൾ ലോകമെങ്ങുമുള്ളവർക്ക് മനസിലാക്കാനുതകുന്ന വിധത്തിലാകും പുസ്തകങ്ങൾ. കുട്ടികൾക്ക് മനസിലാക്കാനുതകുന്ന രീതിയിൽ പുസ്തകങ്ങൾ രൂപകൽപ്പന ചെയ്യുന്നതും ആലോചിക്കുന്നതാണ്.

ix. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ജനകീയാസൂത്രണം രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി എൽഡർ ക്ലബ്ബുകൾ രൂപീകരിക്കേണ്ടതാണ്. അവയിലൂടെ അധികാര വികേന്ദ്രീകരണ പ്രക്രിയ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ പരിപോഷിപ്പിക്കണം.

x. ജനകീയാസൂത്രണം രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഒരു ഓൺലൈൻ പോർട്ടൽ കിലയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്നതാണ്. 25 വർഷത്തെ ജനകീയാസൂത്രണത്തിന്റെ ചരിത്രവും വ്യക്ത്യാനുഭവങ്ങളും മറ്റും ഈ പോർട്ടലിൽ ഉൾക്കൊള്ളിക്കും. ചിത്രങ്ങളും വീഡിയോകളും പരമാവധി ഉൾക്കൊള്ളിച്ചുകൊണ്ടാവണം പോർട്ടൽ നിർമിക്കേണ്ടത്. ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ വായന സാധ്യമാക്കണം.

xi. ജനകീയാസൂത്രണം രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി വികേന്ദ്രീകരണത്തിന്റെ ഭാഗമായി ലഭ്യമായ നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ചുള്ള നിയമ സാക്ഷരത

ഉറപ്പുവരുത്താനുതകുന്ന വിധത്തിലുള്ള ഓൺലൈൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കും.

xii. ജനകീയാസൂത്രണം രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി പരമ്പരാഗത മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കോവിഡ് പശ്ചാത്തലത്തിൽ സംരക്ഷണം ലഭിക്കുന്ന വിധത്തിൽ ജനകീയാസൂത്രണത്തിന്റെ പദ്ധതി ആസൂത്രണത്തിൽ മുൻഗണന നിശ്ചയിക്കും.

xiii. ജനകീയാസൂത്രണം രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഗ്രാമ വാർഡ് സഭകളെ ശാക്തീകരിക്കുന്നതിന് വേണ്ടി രജതജൂബിലി ഗ്രാമ/വാർഡ് സഭകൾ സെപ്റ്റംബറിൽ വിളിച്ചുചേർക്കും. മാനദണ്ഡങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

xiv. ജനകീയാസൂത്രണം രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി സ്ത്രീ ശാക്തീകരണം ഉറപ്പുവരുത്താനുള്ള വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിക്കും. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രത്യേക പരിപാടി സംഘടിപ്പിക്കും. സ്ത്രീ ഘടക പദ്ധതികൾ വിപുലീകരിക്കും.

xv. രജതജൂബിലി ആഘോഷത്തിന്റെ ഓരോ തലത്തിലുമുള്ള സംഘാടനത്തെക്കുറിച്ച് ആലോചിക്കുന്നതിനും പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അടിയന്തരമായി യോഗം ചേരേണ്ടതാണ്. 2021 ആഗസ്റ്റ് 7 ന് മുമ്പ് ഈ യോഗങ്ങൾ വിളിച്ചു ചേർക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K
Date: 30-07-2021 16:01:41
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്